# വിശുദ്ധ എവുപ്രാസ്യ

## ആങ്ങളയുടെ മകൾ കൊച്ചുമേരിയുടെ വിവാഹത്തിന് എഴുതിയ കത്ത്




+

**ഇ. മ. യ.**

ഒല്ലൂർ കന്യാമഠം
6/11/45

ഏറ്റവും സ്നേഹ കൊച്ചുമേരി,

ഏറിയനാൾ ആഗ്രഹിച്ചും അപേക്ഷിച്ചും ഇരുന്നിരുന്നു. ദൈവത്തിന്റേയും പരിശുദ്ധ അമ്മയുടേയും വലിയ കരുണകൊണ്ട് ഈ അന്തസ്സിൽ നിലനിൽക്കുന്നതിനും, ദൈവം തെരഞ്ഞെടുത്തതിനെക്കുറിച്ചും ദൈവത്തിനും പരിശുദ്ധ അമ്മയ്ക്കും സ്തോത്രം ചെയ്യുന്നു. ഇനി പാടുള്ള വേഗത്തിൽ നല്ല മന:സ്താപത്തോടെ നല്ല ഒരു കുമ്പസാരം കഴിച്ച് ഈ ദിവ്യ കൂദാശ തക്ക യോഗ്യതയോടും ആഗ്രഹത്തോടും കൂടെ കൈക്കൊള്ളുന്നതിന് ഒരുങ്ങണമെ. ഇത് വീടും കാർന്നന്മാരേയും കൂടപ്പിറപ്പുകളേയും പിരിഞ്ഞ് ജീവിക്കേണ്ട ഒരു അന്തസ്സാണ്. നിന്റെ കാർന്നന്മാരും കൂടപ്പിറപ്പുകളും ദൈവം നിനക്ക് തരുന്ന ഭർത്താവാണ് എന്ന് ഓർക്കണമെ. എളിമ, ക്ഷമ, കീഴ്വഴക്കം, നീതി, സത്യം, പരമാർത്ഥം, സ്നേഹം, വേദപ്രമാണങ്ങൾ ശരിയായി കാർക്കുന്നതിലുള്ള സൂക്ഷം, ഈശോയുടെ തിരുഹൃദയത്തിൻ നേരെയും പരിശുദ്ധ അമ്മയുടെ നേരെയും ഉള്ള വളർച്ച. കടമുള്ള കുർബ്ബാനഒരിക്കലും മുടക്കരുത്. ഒന്നാം പ്രവൃത്തിയും ചെയ്യരുത്. നമ്മുടെ കുടുംബത്തിലെ ആളുകളെപോലെത്തന്നെ ഭർത്താവിന്റെ വീട്ടിലുള്ളവരെ സ്നേഹിക്കുകയും അവരുടെ ആവശ്യങ്ങളിൽ സഹായിക്കുകയും ചെയ്യണമെ. നിന്റെ വചനത്തിലും പ്രവൃത്തിയിലും നോട്ടത്തിലും മധുരപ്രകൃതി നിന്റെ ഭർത്താവിന്റെ നേരെ ഉണ്ടായിരിക്കണമെ. അന്തസ്സിന്റെ കടത്തിന് തക്കവണ്ണം ജീവിച്ച് നിത്യ രക്ഷപ്രാപിക്കുന്നതിന് മരണത്തോളം ശ്രമിക്കണമെ. ഈശോ മറിയം യൌസേപ്പെ, എല്ലാറ്റിലും ഞങ്ങളെ കാത്തു രക്ഷിക്കണമെ. ഞങ്ങളെ സഹായിക്കണമെ. നമ്മൾ മനുഷ്യരായതുകൊണ്ട് വല്ല വിഷമങ്ങളും നേരിടുവാൻ പാടുണ്ട്. അത് തമ്മിൽ പറഞ്ഞുതീർത്ത് വളരെ സന്തോഷമായി ജീവിക്കണമെ. ഞാൻ നിങ്ങൾ രണ്ടുപേരെയും ഈശോയുടെ തിരുഹൃദയത്തിലും ഈശോ മറിയം യൌസേപ്പിന്റെ കയ്യിലും ഏല്പിച്ച് അപേക്ഷിക്കുന്നുണ്ട്. വിവാഹത്തിന്റെ സന്തോഷം നിങ്ങൾ രണ്ടുപേരോടും പറഞ്ഞിരിക്കുന്നു. ഒന്നുകൊണ്ടും വിഷാദിക്കേണ്ട. ഈശോ മറിയം യൌസേപ്പ് നിങ്ങളെ ആശീർവ്വദിക്കട്ടെ!

എന്ന് സ്വന്തം അമ്മായി
ക.നി.മൂ.സ.
ഈ.തിരു. എവുപ്രാസ്യ